ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2009-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രസ്തുത പാലം നിർമ്മാണത്തിനായി തറക്കല്ലിടുകയും ചെയ്തു.

(ബി) യഥാസമയം പ്രസ്തുത പാലത്തിന്റെ വിശദമായ രൂപരേഖ ലഭ്യമാകാതിരുന്നതിനാൽ ഭരണാനുമതി കാലഹരണപ്പെട്ടു. തുടർന്ന് പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സുധാകരൻ അവർകളാണ് 3-3-2011-ൽ പ്രസ്തുത പാലത്തിന് തറക്കല്ലിട്ടത്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 22.5 കോടി രൂപയുടെ ഭരണാനുമതിയും 25.85 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവർകൾ 2015 ഒക്ടോബർ 2-ാം തീയതി നിർമ്മാണ ഉദ്ഘാടനം നടത്തി.

(ഇ) രണ്ട് വർഷത്തെ കാലാവധി പ്രകാരം 7-9-2017-ൽ പാലത്തിന്റെ പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

295(1366) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമിരുന്ന റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ തിരികെ അതത് സ്ഥാപനങ്ങൾക്കു തന്നെ കൊടുക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏറ്റെടുത്ത റോഡുകളിൽ അറ്റകുറ്റപണികളോ പരിഷ്കരണ പ്രവർത്തികളോ ഇതുവരെ നടത്തിയിട്ടില്ലെങ്കിൽ അറ്റകുറ്റപണികൾ നടത്തുമോ; ഇല്ലെങ്കിൽ അവ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് അടിയന്തരമായി വിട്ടുനൽകുമോ?

ഉത്തരം

(എ) സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. ഈ റോഡുകൾ മെച്ചപ്പെട്ട രീതിയിൽ പുനരുദ്ധരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

പരിപാലിക്കുന്നതിനുമായി പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആവശ്യം മാനിച്ചാണ് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുറച്ചു റോഡുകൾ ഏറ്റെടുത്തത്. അതിനാൽ അവ തിരിച്ചു നൽകണമെന്ന ആവശ്യം ഉണ്ടാകുമെന്ന് കരുതുന്നില്ല.

(ബി) പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ഈ റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുവരുന്നു. എന്നാൽ ഇവ പൂർണ്ണമായും പ്രധാന ജില്ലാ റോഡുകളുടെ നിലവാരത്തിൽ പുനരുദ്ധരിക്കുവാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം സാധിച്ചിട്ടില്ല. ഈ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി കെ.എസ്.ടി.പി. മുഖേന റോഡുകളിൽ സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. ഇതിനായി 23305.94 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ മുൻഗണനാ പ്രകാരം ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മാണം

296(1367) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച കാലിക സ്ഥിതി വ്യക്തമാക്കാമോ; എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നാളിതുവരെ നടത്തിയത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 31-3-2012 തീയതിയിലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 565/2012/ പി.ഡബ്ല്യു.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കുള്ള സ്ഥലം റവന്യൂ അധികൃതരിൽ നിന്ന് ഇതുവരെ കോടതിക്ക് കൈമാറ്റം ചെയ്തു കിട്ടിയിട്ടില്ല. എങ്കിലും, പ്രവൃത്തിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗിൽ ഹൈക്കോടതി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ ഡ്രോയിംഗ് ഹൈക്കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ തുകയിൽ നിന്നും മണ്ണ് പരിശോധനയ്ക്കായി 1,29,932 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly